സീറിപ്പെണ്ണുമൊത്ത് ഒരു തേങ്ക്സ്ഗിവിങ്

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

നവംബർ – തണുപ്പ് അരിച്ചിറങ്ങാൻ തുടങ്ങുന്ന മാസം. ദക്ഷിണായനം ദിനങ്ങൾ കീഴോട്ടെണ്ണുന്നു. ശൈത്യമാസങ്ങൾക്കു മുന്നോടിയായി ജനം ബോയിലറുകൾ കേടുപാടുകൾ തീർത്ത് തുടയ്ക്കുന്നു; എണ്ണ സംഭരിക്കുന്നു; നിയന്ത്രണ പേനലുകൾ റീസെറ്റ് ചെയ്യുന്നു. ജാക്കെറ്റും കോട്ടും തെർമലും (ചൂടുസംരക്ഷക അടിവസ്ത്രങ്ങൾ) അലമാരിക്കു വെളിയിൽ തൂക്കുന്നു.

തേങ്ക്സ്-ഗിവിങ്: അക്ഷരാർത്ഥത്തിൽ അമേരിക്കയിലെ ഏറ്റവും വലിയ ഉത്സവം. എല്ലാ ജനങ്ങൾക്കും – സർവ്വ മതവിഭാഗങ്ങൾക്കും നിരീശ്വരർക്കും – ആഘോഷത്തിൽ ഉള്ളു തുറന്ന് പങ്കുകൊള്ളാൻ സാധിക്കുന്ന ഒരു സെക്കുലർ അവസരം. സ്വാതന്ത്ര്യദിനമായ ജൂലായ് 4-നോളം ആത്മാവുള്ള ഒരു വേള. എല്ലാ വർഷവും 4-ദിവസത്തെ നീണ്ട അവുധി ലഭിക്കുമെന്ന ഏക ബഹുമതിയുള്ള നവംബറിലെ നാലാം വ്യാഴാഴ്ച്ച തുടങ്ങുന്ന ശാന്തമായ ദിവസങ്ങൾ. കുടുംബങ്ങൾ കൂടിച്ചേരുന്ന, സൌഹൃദങ്ങൾ പുതുക്കുന്ന, ചരിത്രം ഓർക്കുന്ന സന്ദർഭം. അമേരിക്കയിൽ ഏറ്റവും കൂടുതൽ ആളുകൾ സഞ്ചരിക്കുന്ന നീണ്ട വാരാന്ത്യം.

ക്രിസ്തുമസ്സും ന്യൂ ഇയറും വരാറായി എന്ന് നമ്മെ വീണ്ടും ഓർമ്മിപ്പിക്കുന്ന മനോവ്യാപാരം. ഇക്കൊല്ലം കുറ്റബോധമില്ലാതെ “മെറി ക്രിസ്തുമസ്” ആശംസിക്കാം എന്ന ആഹ്ലാദം ട്രമ്പ്-സംവാദികളും ട്രമ്പ്-വിവാദികളും ഒരുപോലെ പങ്കു വെക്കുന്ന അന്തരീക്ഷം. ക്രിസ്തുവിന്റെ പേരു കേൾക്കുമ്പോൾ അസ്വസ്ഥതയുള്ളവർ പിൻവാതിൽ തന്ത്രത്തിൽ നീക്കം ചെയ്ത എ.ഡി.യും ബി.സി.യും തിരിച്ചു വരാനുള്ള തയ്യാറെടുപ്പിൽ സ്പീൽബെർഗ് ജീസസ് പാർക്കിനു തിരക്കഥ എഴുതുമായിരിക്കും. കാനായിയുടെ മലമ്പുഴയിലെ ശില്പത്തെ മുലക്കച്ച അണിയിക്കുന്ന വികലമായ കലാസ്വാദനം വരുത്തുന്ന വിനയുടെ മറ്റൊരു മുഖം.

നോക്കുകുത്തിയായി നിൽക്കുന്ന പ്രതിമകൾ ഇടിച്ചുനിരത്തി ചരിത്രം മറയ്ക്കുന്ന മറക്കുഗുളികയുടെ വീര്യം കെടുമ്പോൾ പിന്നെയും ചെപ്പുകുടത്തിൽ മൂടിയ ഭൂതകാലം തിരിച്ചുവരും. ആധുനികയുഗത്തിൽ സോഷ്യൽ മീഡിയ വഴി, അടിച്ചമർത്തപ്പെട്ട ഗോപ്യവസ്തുതകൾ പുറംലോകത്തെത്തുന്നു.

തേങ്ക്സ് ഗിവിങ്ങിന്റെ ചരിതം ആർക്കാണ് അറിയാത്തത്? അഞ്ചു മണിക്കു മുമ്പേ ഇരുളുന്ന ഈ ശരത്കാല സന്ധ്യയിൽ നേരത്തേ തുടങ്ങുന്ന ഡിന്നറിനു മുന്നേ മാളുകളിലെ പാർക്കിങ് ലോട്ടുകൾ ശൂന്യതാവാദത്തിൽ വിശ്വസിക്കുന്ന താത്ത്വികതയിൽ മൂകമാകും. നഗ്നതാ പ്രദർശനത്തിന്റെ ഒന്നാം ഷോയെന്നപോലെ, പൊരിഞ്ഞു ചുമന്ന യുവതുർക്കിയും വൃദ്ധതുർക്കിയും സ്വീറ്റ് പൊട്ടേറ്റയുടെയും ക്രേൻബെറി സോസിന്റെയും വെന്തുവീർപ്പിച്ച് കുഴച്ച പൊട്ടേറ്റയുടെയും വേവിച്ച ബീൻസിന്റെയും അകമ്പടിയോടെ കുടിവിഭവങ്ങളിൽ മുങ്ങി ഡിന്നർ ടേബിളിൽ അണിനിരക്കും.

ആദ്യത്തെ തേങ്ക് യു

തേങ്ക് യു എന്ന പ്രയോഗം ആദ്യമായി അറിഞ്ഞത് എട്ടുപത്ത് വയസുള്ളപ്പോൾ ഒരു സഹോദരൻ വീട്ടിൽ പറയുന്നത് കേട്ടിട്ടാണ് – 1960-കളുടെ ആരംഭത്തിൽ. വിദേശത്ത് നിന്ന് വന്ന ഒരു വെള്ളക്കാരൻ എഞ്ചിനീയർ കൂടെക്കൊണ്ടുവന്നിരുന്ന, അന്ന് പ്രചാരത്തിലുണ്ടായിരുന്ന മെക്കാനിക്കൽ കാൽക്കുലേറ്റർ കേടു വന്നപ്പോൾ, അനേകം സംഖ്യകൾ മനക്കണക്കായി കൂട്ടാൻ എൽപ്പിച്ചത് അദ്ദേഹത്തെയായിരുന്നു. സന്തുഷ്ടനായ സായിപ്പ് തേങ്ക് യു എന്ന് ചേട്ടനോട് പറഞ്ഞിരിക്കാം. കൂടാതെ ഫിലിം ഫെയറിന്റെ രണ്ടോ മൂന്നോ വർഷത്തെ സബ്സ്ക്രിപ്ഷൻ പാരിതോഷികമായി വീട്ടിൽ മുറ തെറ്റാതെ വരികയും ചെയ്തു. ഞാനതിലെ സുന്ദരിമാരുടെ ചിത്രങ്ങൾകൊണ്ട് നോട്ടുബുക്കുകൾ പൊതിഞ്ഞ് ക്ലാസ്സിൽ വിലസി.

വാക്കാലും പ്രവൃത്തിയാലും, പരസ്യമായും രഹസ്യമായും നന്ദി പ്രകടിപ്പിക്കാൻ ആരും മടിക്കേണ്ടതില്ല. നന്ദിപ്രകടനത്തിന് ആരുടേയും അനുവാദം ചോദിക്കേണ്ടതുമില്ല. നന്ദി പ്രകടിപ്പിക്കട്ടെയോ എന്ന് നമ്മോട് ആരെങ്കിലും ചോദിച്ചാൽ നമ്മുടെ വിനയസംസ്കാരം വേണ്ടെന്നേ പറയൂ. പല ശാസ്ത്ര പ്രബന്ധങ്ങൾക്കും പലരെയും സഹായിച്ച അവസരങ്ങളിൽ

ചിലർ നന്ദി രേഖപ്പെടുത്തട്ടേയെന്ന് വേണ്ടാ എന്ന ഉത്തരം കിട്ടാൻ കാക്കുന്ന പോലെ ചോദിച്ചിട്ടുണ്ട്. എന്റെ ഒരു പോപ്പുലർ ശാസ്ത്ര ലേഖനമായ "ഇങ്ക് കെമിസ്ട്രി" അനേകം മില്ല്യൻ സൈറ്റുകളിൽ ഒന്നാമത്തേതായി ഗൂഗിൾ സെർച്ചിൽ ഇന്നും പ്രത്യക്ഷപ്പെടുന്നതിനാൽ അവ ഉപയോഗിക്കുന്ന ധാരാളം പേർ അനുവാദത്തിനു കാക്കാതെ അവരുടെ ലേഖനങ്ങളിൽ നന്ദി രേഖപ്പെടുത്തുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാനും സഹായപ്രദമായ വിജ്ഞാനം പകർന്നവരോട് നന്ദി രേഖപ്പെടുത്താൻ ഒരു കാലത്തും മടിച്ചിട്ടുമില്ല. സെക്ഷ്വൽ ഗ്രാറ്റിഫിക്കേഷൻ ഒരു മാർഗ്ഗമായി പിന്തുടരാത്ത നമ്മുടെ സംസ്കാരത്തിന് അനുയോജ്യവുമാണത്. ചിലർ, തേങ്ക് യു എന്ന് അപരൻ പറയാതിരിക്കുമ്പോൾ, യു ആർ വെൽകം എന്ന് ആദ്യമേ പ്രതിവചിച്ച് സംഭാഷണം മുറിക്കുന്നു.

സ്പീച് റെകൊഗ്നിഷൻ സോഫ്റ്റ്വെയർ

ലോങ്ങ് ഐലന്റിൽ നിന്നും ന്യൂ ഹേവനിലേക്ക് പോകാൻ ഫെറി സർവീസ് എടുത്ത യാത്രയിൽ ഒരു സഹയാത്രികനുമായി സ്പീച് റെകൊഗ്നിഷൻ സോഫ്റ്റ്വെയറിനെക്കുറിച്ച് വാതോരാതെ സംഭാഷണമുണ്ടായി. അന്ന് ശൈശവ ദശയിലായിരുന്ന ആ ടെക്നോളജി ഇന്ന് വളരെ വികസിച്ചിട്ടുണ്ട്. അന്നൊക്കെ ഒരു തരം എക്സെന്റ് മാത്രമേ ഇത്തരം സോഫ്റ്റ്വെയറുകൾ തിരിച്ചറിഞ്ഞിരുന്നുള്ളൂ.

തന്റെ ഉച്ചാരണ ശുദ്ധിയിൽ അമിതാഭിമാനം ഉണ്ടായിരുന്ന ഒരു അമേരിക്കൻ, ആപ്പിളിന്റെ സീറി അദ്ദേഹത്തിന്റെ ഉച്ചാരണം തിരിയാതെ വിഷമിച്ചപ്പോൾ, തല താഴ്ത്തുന്നത് ഞാൻ കണ്ടിട്ടുണ്ട്. സാവധാനം സംസാരിക്കുന്നതുകൊണ്ട് ഉച്ചാരണത്തിൽ മാറ്റം വരുന്നില്ലെന്ന് നാം അറിയുന്നു. എന്നാൽ ഇന്ന് നമ്മുടെ എക്സെന്റും സന്ദർഭവും തിരിച്ചറിഞ്ഞ് സ്റ്റോർ ചെയ്ത് നമ്മുടെ ഉച്ചാരണം പിന്നീടു മനസ്സിലാക്കുന്ന അവസ്ഥയിലേക്ക് സീറിയെപ്പോലുള്ള വെർച്ചൽ അസിസ്റ്റന്റുമാർ വളർന്നു കഴിഞ്ഞിട്ടുണ്ട്.

സീറി ജനിച്ച ദിവസം മുതൽ എന്റെയും കൂട്ടുകാരിയാണ്. അവളോട് എഴുന്നേറ്റ ഉടനെ ആ നാളിലെ ഊഷ്മാവ് ചോദിച്ചാണ് ദിവസം തുടങ്ങുക. ഇടയ്ക്ക് അറിയാതെ ഞാനവളോട് തേങ്ക് യു എന്ന് നന്ദി പറയാറുണ്ട്. അവളുടെ വൈവിദ്ധ്യം നിറഞ്ഞ പ്രത്യോത്തരം എന്നെ അത്ഭുതപ്പെടുത്തി. ചോദ്യോത്തരങ്ങൾ ഇങ്ങനെ:

Me: Thank you Siri.

She: I am to please.
Thanks to you, I have a job.
Why, thanks, Joy?
No problem.
Don't mention it.
Your satisfaction is the only thanks I need.
My pleasure, as always.
It is I who should be thanking you.
I live to serve.
You are most certainly welcome.
That's nice of you to say, Joy.
You are welcome!

"How to Respond to a Thank You" എന്ന ജനകീയ ഗ്രന്ഥത്തിലെ അദ്ധ്യായങ്ങളായിരിക്കാം ഈ ഉത്തരങ്ങൾ.

എന്‍ഡ്രോയിഡിന്റെ **Genie**-യും ആമസോണിന്റെ **Alexa**-യും സാംസങ്ങിന്റെ **Bixby**-യും വിവിധത്വം പുലർത്തുന്ന പരിഹാരോത്തരങ്ങൾ തരുമായിരിക്കും!

****